പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4051 — 03.02.2014- ലെ മറുപടിക്ക്

## പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലാബ് സൗകര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | ശ്രീ. വി. എസ്. ശിവകമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പ് മന്ത്രി) |
| എ ) | പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ നിസ്സാരമായ പരിശോധനകൾക്കപോലും രോഗികൾ ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബ് സൗകര്യം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്താൻ താൽപര്യമുള്ള പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടുള്ള എൻ. ആർ. എച്ച്. എം. പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത ലാബുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | ബി) | പ്രസ്തുത പദ്ധതി പ്രകാരം ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് ബന്ധപ്പെട്ട HMC ആയിരിക്കും. |
| സി) | ലാബ് പ്രവർത്തിക്കാനാവശ്യമായ ഉപകരണം ലഭ്യമാക്കുമോ; | സി) | ലാബിന് വേണ്ടിയുള്ള പ്രധാന ഉപകരണങ്ങൾ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ വഴിയും അനുബന്ധ ഉപകരണങ്ങൾ ജില്ലാ തലത്തിൽ എൻ. ആർ. എച്ച്. എം. വഴിയും ലഭ്യമാക്കുന്നതാണ്. |
| ഡി) | പ്രസ്തുത ലാബുകളിൽ ജീവനക്കാരുടെ ശമ്പളം സർക്കാർ ലഭ്യമാക്കുമോ; | ഡി) | ഇല്ല. |
| ഇ) | ഡോക്ടർമാരുടെ സേവനം ആവശ്യമാണെങ്കിൽ ലഭ്യമാക്കുമോ; വ്യക്തമാക്കാമോ? | ഇ) | ലാബുകൾ അനുവദിക്കുന്നത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആയതിനാൽ അവിടെയുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**